# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4076** | 25.06.2014 -ൽ മറുപടിക്ക്

### ജനനി-ശിശു സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസെന്റ് :<br>,, ബെന്നി ബെഹനാൻ :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, ഷാഫി പറമ്പിൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാതൃ - ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ "ജനനി ശിശു സുരക്ഷാ പദ്ധതി" കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) പദ്ധതിയിൻ കീഴിൽ എന്തെല്ലാം സേവനങ്ങളും ചികിത്സകളുമാണ് സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, 30 ദിവസം വരെയുള്ള നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായ് ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. ഭാരത സർക്കാരിന്റെ പുതിയ മാനദണ്ഡ പ്രകാരം ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്. |
| (സി) ചികിത്സയ്ക്കുള്ള ചെലവുകൾ ആരാണ് വഹിക്കുന്നത് ; വിശദമാക്കുമോ ; | (സി) ചികിത്സക്കായുള്ള ചിലവുകൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്താലാണ് നടപ്പിലാക്കുന്നത്. |
| (ഡി) ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ? | (ഡി) എല്ലാ സർക്കാർ ആശുപത്രികളിലും ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ